# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1966** **22.03.2012 ൽ മറുപടിക്ക്**

## എ.ഡി.ബി. വായ്പ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. കെ.എം. മാണി. |
| എ. | കേരള സുസ്ഥിര നഗര വികസന പദ്ധതിയ്ക്കായി മുൻ സർക്കാർ എത്ര കോടി രൂപയുടെ എ.ഡി.ബി. വായ്പ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | സംസ്ഥാന ബഡ്ജറ്റ് വഴി ലഭിക്കുന്ന തുക ചെലവഴിക്കുന്ന മുറയ്ക്ക് റീ ഇംബേഴ്സ്മെന്റ് ആയാണ് കെ.എസ്.യു.ഡി.പി.ക്ക് എ.ഡി.ബി.യിൽ നിന്നും വായ്പ ലഭ്യമാകുന്നത്. കേരള സുസ്ഥിര നഗര വികസന പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലയളവിൽ 2011 മെയ് മാസം വരെ 195.41 കോടി രൂപ എ.ഡി.ബി.യിൽ നിന്നും റീ ഇംബേഴ്സ്മെന്റായി ലഭിച്ചിട്ടുണ്ട്. |
| ബി. | വായ്പാ തുക യഥാസമയം ചെലവഴിക്കാത്തതിനാൽ എ.ഡി.ബി.യ്ക്ക് പിഴ നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ ഈ ഇനത്തിൽ പിഴയായി നൽകി; വിശദാംശങ്ങൾ നൽകുമോ; | വായ്പാ തുക യഥാസമയം ചെലവഴിക്കാത്തതിനാൽ നാളിതുവരെ 23 കോടി രൂപ കമ്മിറ്റ്മെന്റ് ചാർജ്ജായി എ.ഡി.ബി കണക്കാക്കിയിട്ടുണ്ട്. |
| സി. | ചെലവിടാത്ത പണം തിരിച്ചുപിടിക്കാൻ എ.ഡി.ബി. നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഈ വിധം തിരിച്ചുപിടിച്ചെന്ന് വ്യക്തമാക്കുമോ; | |
| ഡി. | 2009 ഒക്ടോബർ മുതൽ 2010 ഡിസംബർ വരെയുള്ള കാലയളവിൽ പദ്ധതി പ്രകാരമുള്ള ഒരു ജോലിക്കും പ്രാഥമിക നടപടി പോലും സ്വീകരിച്ചിരുന്നില്ലെന്ന വാർത്ത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ? | 2009 ഒക്ടോബർ മുതൽ 2010 ഡിസംബർ വരെയുള്ള കാലയളവിൽ പദ്ധതി പ്രകാരമുള്ള ഒരു ജോലിക്കും പ്രാഥമിക നടപടികൾ സ്വീകരിക്കാതിരുന്നിട്ടില്ല. വിശദമായ റിപ്പോർട്ട് തയ്യാറാക്കൽ, ഡിസൈൻ തയ്യാറാക്കൽ, ടെണ്ടർ നടപടിക്രമങ്ങൾ മുതലായവ നടന്നുവരുന്നുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ